# 90. സർവകലാശാലാവിദ്യാഭ്യാസത്തെ രക്ഷപ്പെടുത്താൻ കഴിയുമോ?

സർവകലാശാലാവിദ്യാഭ്യാസം ഇന്ത്യയിൽ ഏറെക്കുറെ എല്ലാ സംസ്ഥാനങ്ങളിലും തളർന്നുകിടക്കുകയാണെങ്കിലും, ഈ തകർച്ച ഏററവും രൂക്ഷമായിട്ടുള്ളതു് ബിഹാറിലാകുന്നു. ഉദ്യോഗനിയമനങ്ങളിൽ സ്വജനപക്ഷപാതവും പരീക്ഷകളിൽ അഴിമതിയും പ്രവേശനത്തിനു് കോഴവാങ്ങലുമായി ആരംഭിച്ച തകരാറു് വിദ്യാർത്ഥികളും അദ്ധ്യാപകരും മുഖാഭിമുഖം ഇരുന്നു് അദ്ധ്യയനമെന്ന പ്രക്രിയയിൽ പങ്കാളികളാകുന്നതിനെ സ്ഥിരമായി തടസ്സപ്പെടുത്തുന്നതുവരെ എത്തി. കോളേജുകളും ലൈബ്രറികളും കത്തി ചാമ്പലായി; വൈസ് ചാൻസലർമാരുടെയും പ്രിൻസിപ്പൽമാരുടെയും ജീവൻ അപകടത്തിലായി. യുവജനങ്ങളെ സംസ്കാരസമ്പന്നരാക്കുന്നതിനുള്ള ഒരു പരിപാടി എന്ന നിലയിൽനിന്നു്, അവരെ കുററവാളികളാക്കി മാററുന്നതിനുള്ള ഒരു പരിപാടി എന്ന നിലയിലേക്കു്, ഉന്നതവിദ്യാഭ്യാസം അധഃപതിച്ചു.

സർവകലാശാലാവിദ്യാഭ്യാസത്തിന്റെ ഈ ദുരവസ്ഥയെപ്പററി അന്വേഷിച്ചു പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി ശ്രീ വി. എസ്. ഝായെ ഒരു കമ്മീഷനായി 1980–ൽ ബിഹാർ ഗവണ്മെൻറ് നിയമിച്ചു. ഈ കമ്മീഷൻ അതിന്റെ ഇടക്കാല റിപ്പോർട്ട് ജൂൺ രണ്ടാം ആഴ്ചയിൽ ബിഹാർ ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടു്. ബിഹാറിലെന്നപോലെ ഇന്ത്യയിലെങ്ങുമുള്ള വിദ്യാഭ്യാസപ്രണയികളുടെ ശ്രദ്ധയ്ക്കു വിധേയമാകേണ്ടതാണു് ഈ റിപ്പോർട്ട്. കാരണം, ബിഹാറിൽ ഉന്നതവിദ്യാഭ്യാസം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾതന്നെയാണു്. ഈ പ്രശ്നങ്ങളുടെ പരിഹാരവും, ഇന്ത്യയിലാകെ ഏറെക്കുറെ ഏകരൂപമാകാതിരിക്കുക വയ്യ.

സർവകലാശാലകളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും അദ്ധ്യാപകേതരജീവനക്കാരും, പണിമുടക്കുകളും മററു പ്രക്ഷോഭണങ്ങളും സംഘടിപ്പിക്കുന്നതു നിയമംമൂലം തടയണമെന്നതാണു് ഝാ കമ്മീഷന്റെ മുഖ്യനിർദ്ദേശം. അദ്ധ്യാപകർ രാഷ്ട്രീയകാര്യങ്ങളിൽ സക്രിയമായി പങ്കെടുക്കാൻ പാടില്ലെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. നിലവിലുള്ള സർവകലാശാലാനിയമങ്ങളിൽ സമൂലപരിവർത്തനങ്ങൾ വരുത്തുന്നതുവഴി ഉന്നതവിദ്യാഭ്യാസത്തിന്റെ സംരചന പുതുക്കുന്നതിനു് പ്രാരംഭം കുറിക്കുമെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ബിഹാറിൽ ഇന്നു് ഒരു ഇൻറർയൂണിവേഴ്സിററി ബോർഡ് നിലവിലുണ്ടു്. ഇതിന്റെ സ്ഥാനത്തു്, വ്യത്യസ്ത സർവകലാശാലകളുടെ പ്രവർത്തനം സംയോജിപ്പിക്കുന്നതിനും നിലവാരങ്ങൾ ഉയർത്തുന്നതിനുമായി പര്യാപ്തമായ അധികാരങ്ങളുള്ള ഒരു ഉന്നതവിദ്യാഭ്യാസകമ്മീഷൻ സ്ഥാപിക്കേണ്ടതാണു്. ഇവരെ സഹായിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയും ഉണ്ടാവണം. ഇന്നു് സർവകലാശാലകൾ അഴിമതികളുടെ അരങ്ങുകളായിട്ടുണ്ടെങ്കിൽ അതിനൊരു കാരണം സർവകലാശാലകളുടെ സ്വയംഭരണാധികാരത്തെപ്പററിയുള്ള നമ്മുടെ അപ്രായോഗികധാരണകളാണു്. ഈ ധാരണകൾ തിരുത്തിയെഴുതാൻ ഇനിയും വൈകിച്ചുകൂടെന്നു കമ്മീഷൻ കരുതുന്നു.

ബിഹാറിലെ സർവകലാശാലകളെ ബാധിച്ച മാരകരോഗം ഏതെന്ന് കമ്മീഷൻ നിർണയിച്ചിട്ടുണ്ട്. അദ്ധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും നിലവാരത്തകർച്ചയ്ക്കു കാരണമായ അഴിമതികളെ കമ്മീഷൻ വ്യക്തമായി എടുത്തുകാട്ടുന്നുണ്ട്. സർവകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ആദ്യത്തെ കാൽവെപ്പ്, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും പണിമുടക്ക നിരോധിക്കുകയാണെന്നു കമ്മീഷൻ പ്രഖ്യാപിക്കുന്നു.

വിദ്യാർത്ഥികളുടെ ന്യായമായ ആവലാതികൾക്കു പരിഹാരമുണ്ടാക്കുന്നതിന് ഓരോ സ്ഥാപനത്തിലും ഒരു 'വിദ്യാർത്ഥി–കാര്യകൗൺസിൽ' രൂപവത്കരിക്കേണ്ടതാണെന്നു കമ്മീഷൻ കരുതുന്നു. അദ്ധ്യപകർ, അനദ്ധ്യാപകർ എന്നീ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവർക്കും വേണം ഇത്തരം കൗൺസിലുകൾ. വിദ്യാത്ഥികളുടെ ഗ്രൂപ്പുകൾക്കും, വ്യക്തികൾക്കും, ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു സമാധാനം കാണുവാനായി വിദഗ്ദ്ധരടങ്ങിയ ഉപദേശയോഗക്ഷേമസമിതികളും ഓരോ സ്ഥാപനത്തിലും ഉണ്ടാവണം.

സർവകലാശാലാധികൃതർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അദ്ധ്യാപകേതര ജീവനക്കാർ എന്നിവരും സർക്കാരും തമ്മിൽ ഉളവാകുന്ന തർക്കങ്ങൾ പര്യാലോചിച്ച് തീരുമാനിക്കാൻ ഒരു ട്രൈബ്യൂണൽ—വേണമെങ്കിൽ കൂടുതൽ ട്രൈബ്യൂണലുകളുമാവാം—സ്റ്റേറ്റിൽ ഉണ്ടാവണം. ഡിസ്ട്രിക്ട് ജഡ്ജി നിലവാരത്തിൽ ഒന്നോ, രണ്ടോ പേരും അതാതു സർവകലാശാലയുടെ വൈസ് ചാൻസലറും ഈ ട്രൈബ്യൂണലിൽ അംഗങ്ങളായിരിക്കണം. ഇത്തരം ട്രൈബ്യൂണലുകൾ സംഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥ സർവകലാശാലാനിയമത്തിൽത്തന്നെ ഉണ്ടാക്കണം. ട്രൈബ്യൂണലിന്റെ വിധിക്കു നിയമപ്രാബല്യമുണ്ടാവണം.

സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, ഫാക്കൽറ്റികൾ, വിദ്യാത്ഥിയൂണിയനുകൾ എന്നിവയിലേക്ക് ഇന്നത്തെ നിയമപ്രകാരമുള്ള തെരഞ്ഞെടുപ്പുകൾ നടത്തുന്നതു വേണ്ടെന്നുവയ്ക്കണമെന്നതാണ് കമ്മീഷന്റെ മറ്റൊരു പ്രധാന നിർദേശം.

മുമ്പു പറഞ്ഞ ഉന്നതവിദ്യാഭ്യാസക്കമ്മീഷൻ ആണ്ടുതോറും മത്സരപ്പരീക്ഷ നടത്തി, അതിൽ കിട്ടുന്ന മാർക്ക് അടിസ്ഥാനമാക്കിയാവണം അദ്ധ്യാപകരെ നിയമിക്കേണ്ടതു്. പട്ടികജാതി–പട്ടികഗോത്രങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളും ഈ പരീക്ഷയ്ക്കിരുന്നു പാസ്സാവണം. ഇവർക്ക് പ്രത്യേകമായി മിനിമം യോഗ്യത നിർണയിക്കാവുന്നതാണ്; പക്ഷേ, പരീക്ഷ എല്ലാവർക്കും നിർബന്ധമാക്കണം.

അദ്ധ്യാപകരെ പ്രൊഫസറന്മാരും റീഡർമാരുമായി പ്രൊമോട്ട് ചെയ്യുന്നതു പ്രത്യേകമായി സംഘടിപ്പിക്കുന്ന സെലക്ഷൻ കമ്മറ്റികളുടെ അഭിപ്രായം കണക്കിലെടുത്ത്, ഉന്നതവിദ്യാഭ്യാസക്കമ്മീഷൻ സമർപ്പിക്കുന്ന ശുപാർശയ്ക്കു വിധേയമായി വേണം.

പാർലമെന്റ്, സ്റ്റേറ്റ് നിയമസഭകൾ, പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ അദ്ധ്യാപകർ സ്ഥാനാത്ഥികളായി മത്സരിക്കുന്നതു സർവകലാശാലാനിയമം മൂലം തടയണം.

സർവകലാശാലാ ഗ്രാന്റ്സ് കമ്മീഷൻ നിർദേശിക്കുന്നത്ര മണിക്കൂറുകൾ ജോലി ചെയ്യാൻ കോളേജ് സർവകലാശാലാ അദ്ധ്യാപകർക്ക് ബാദ്ധ്യതയുണ്ടാകണം. മുമ്പു പറഞ്ഞ ഉന്നതവിദ്യാഭ്യാസക്കമ്മീഷൻ നിർദേശിക്കുന്ന മാനദണ്ഡങ്ങൾ ഉപയോഗിച്ച് അദ്ധ്യാപകരുടെ പ്രവർത്തനത്തെ വിലയിരുത്തണം.

ഗവേഷണത്തിന്റെയും പരിശീലനത്തിന്റെയും നിലവാരങ്ങൾ

ഉയർത്താനും, അദ്ധ്യാപകർക്ക് ആധുനിക അദ്ധ്യാപനസമ്പ്രദായങ്ങളിൽ റിഫ്രഷർ കോഴ്സുകളും ഓറിയന്റേഷൻ കോഴ്സുകളും നൽകാനമായി, ഉന്നതപഠന—പ്രത്യേക പഠനങ്ങൾക്കുള്ള ഒരു കേന്ദ്രം സ്ഥാപിക്കണം.

തങ്ങളുടെ വിദ്യാഭ്യാസപരമായ നേട്ടങ്ങൾകൊണ്ട് സർവകലാശാലയ്ക്കു നേതൃത്വം നൽകാൻ കഴിവുള്ളവരും, ഭരണപരിചയമുള്ളവരും, സദാചാരനിഷ്ഠരുമായവരെ, മെറിററിന്റെ മാത്രം അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് വൈസ്ചാൻസലർമാരാക്കണം. ജാതി—മത—വിഭാഗ പരിഗണനകളോ, രാഷ്ട്രീയപരിഗണനകളോ വൈസ്ചാൻസലർ നിയമനത്തിൽ കടന്നുവരാൻ പാടില്ല. യൂനിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ ചെയർമാനോ, അദ്ദേഹത്തിന്റെ പ്രതിനിധിയോ, ഇന്ത്യൻ സർവകലാശാലാസംഘടന(അസോസ്യേഷൻ ഓഫ് ഇന്ത്യൻ യൂനിവേഴ്സിററീസ്)യുടെ ചെയർമാനോ അദ്ദേഹത്തിന്റെ പ്രതിനിധിയോ, അതാതു സർവകലാശാലയുടെ ചാൻസലറുടെ പ്രതിനിധി എന്നിങ്ങനെ മൂന്നുപേർ ചേർന്ന കമ്മററി സമർപ്പിക്കുന്ന മൂന്നു പേരുകൾ പരിഗണിച്ച് ഒരാളെ വൈസ്ചാൻസലറായി തിരഞ്ഞെടുത്ത് ചാൻസലർ നിയമിക്കണം. ബിഹാറിൽ പതിവുള്ളതുപോലെ, ഒരു സർവകലാശാലയിലെ വൈസ്ചാൻസലറെ മറെറാന്നിലേക്കു മാററുന്നത് അനുവദനീയമല്ല.

ഫെഡറൽ സമ്പ്രദായത്തിലുള്ള സർവകലാശാലയുടെ കോൺസ്റ്റിററ്യുവൻറ് (ഘടക) കോളേജുകളുടെ ഭരണം സർവകലാശാലയിൽനിന്നു സർക്കാർ ഏറെറടുക്കണം. ഈ ഘടകകോളേജുകൾ ഓരോന്നും ഓരോ ഏകകമായി കണക്കാക്കപ്പെടണം. ഘടകകോളേജുകളും, അഫിലിയേററിങ് സമ്പ്രദായത്തിലുള്ള സർവകലാശാലകളുമായി ബന്ധപ്പെട്ട കോളേജുകളും, പ്രാദേശികാവശ്യങ്ങൾ കണക്കിലെടുത്ത് പുനസ്സംവിധാനംചെയ്യണം.

ബിഹാറിൽ ഫെഡറൽ സമ്പ്രദായത്തിലും അഫിലിയേററിങ് സമ്പ്രദായത്തിലുമുള്ള ഏഴ് സർവകലാശാലകളാണ് ഇപ്പോൾ ഉള്ളത്. ഇവയ്ക്കു പുറമെ, ബ്രിട്ടനിലുള്ളതുപോലെ ഒരു 'ഓപ്പൻ യൂണിവേഴ്സിററി' കൂടി സ്ഥാപിക്കണമെന്നും ഝാ കമ്മീഷൻ നിർദേശിച്ചിട്ടുണ്ട്. കത്തിടപാടുകൾ, റേഡിയോ മുതലായ സംജ്ഞാപന (കമ്യൂണിക്കേഷൻ) മാദ്ധ്യമങ്ങൾ, ദൃശ്യ ശ്രാവ്യോപകരണങ്ങൾ, തുടങ്ങിയവയിലൂടെ വിദ്യാർത്ഥികൾക്ക് അനൗപചാരികവിദ്യാഭ്യാസം നൽകുന്നതിനാണ് ഓപ്പൻ യൂനിവേഴ്സിററി. ഓപ്പൻ യൂനിവേഴ്സിററിയിലെ വിദ്യാർത്ഥികൾക്ക്, വേണമെങ്കിൽ, പ്രൈവററായി ആർട്ട്സ്, സയൻസ്, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദപരീക്ഷയ്ക്കിരിക്കാം.

കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് എൻടൻസ് പരീക്ഷകൾ നടത്തി അവയിൽ കിട്ടുന്ന മാർക്കിനെ അടിസ്ഥാനപ്പെടുത്തിയാവണമെന്നും ഝാ കമ്മീഷൻ നിർദേശിക്കുന്നു. അതായത്, കോളേജ് പ്രവേശനത്തിന്റെ മാനദണ്ഡവും 'മെറിററ്' ആയിരിക്കണം.

മുമ്പു പറഞ്ഞതുപോലെ, കമ്മീഷൻ സമർപ്പിച്ചിട്ടുള്ളതു് ഇടക്കാല നിർദേശങ്ങൾ മാത്രമാണ്. കമ്മീഷന്റെ പൂർണ റിപ്പോർട്ട് വരാനിരിക്കുന്നതേയുള്ളൂ.

പണിമുടക്കു നിരോധിക്കുക, സർവകലാശാലയുടെ ഘടകങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പു വേണ്ടെന്നുവയ്ക്കുക, അദ്ധ്യാപകർ രാഷ്ട്രീയകാര്യങ്ങളിൽ തെരഞ്ഞെടുപ്പുകളിലൂടെ പ്രവേശിക്കുന്നതു വിലക്കുക, അദ്ധ്യാപകനിയമനവും വിദ്യാർത്ഥി പ്രവേശനവും തികച്ചും മെറിററ് അടിസ്ഥാ

നത്തിലാക്കുക—ഇതൊക്കെ ഇന്നത്തെ ഇന്ത്യയിൽ നടപ്പുള്ള കാര്യമാണോ? ബിഹാറിലെ ശ്രീ ജഗനാഥ് മിശ്രയ്ക്കോ, കേരളത്തിലെ ശ്രീ കരുണാകരനോ, മറേറതെങ്കിലും സ്റ്റേററിലും മുഖ്യമന്ത്രിക്കോ—എന്തിന്, ശ്രീമതി ഇന്ദിരാഗാന്ധിക്കുതന്നെയോ—ഈ മാതിരി മൗലികങ്ങളായ പരിഷ്കാരങ്ങൾ ഉന്നതവിദ്യാഭ്യാസത്തിൽ വരുത്തുവാൻ ധൈര്യമോ, ശക്തിയോ ഉണ്ടോ?

ഉന്നതവിദ്യാഭ്യാസത്തിന്റെ മാത്രമല്ല, ഇന്ത്യയിൽ ബഹുജനജീവിതത്തിന്റെ എല്ലാ വശങ്ങളുടെയും, പ്രശ്നം അവസാനവിശകലനത്തിൽ, ഒന്നാണ്: സർക്കാരിന്റെ ഇച്ഛാശക്തിയുടെ പരാജയം. എത്ര ചെറിയ പ്രശ്നവും അനന്തകാലത്തോളം വായിലിട്ടു തൊണ്ണുകൊണ്ടു ചവയ്ക്കാനല്ലാതെ, നിർണായകമായി കടിച്ചു മുറിക്കാൻ ഇന്ത്യയിലെ പല്ലുകൾ കൊഴിഞ്ഞ ജനാധിപത്യത്തിനു ശക്തിയില്ല, ആഗ്രഹവുമില്ല!

(21 ജൂൺ, 1983)

# 91. യൂണിവേഴ്സിററി പോലീസ്

നമ്മുടെ സർവകലാശാലകളിൽ പലതും സ്ഥിരം പ്രക്ഷോഭണവേദികൾ ആയി തീർന്നിട്ടുണ്ടല്ലോ. സമാധാനപൂർണമായ അന്തരീക്ഷത്തിൽ നടക്കേണ്ട അദ്ധ്യയനമെന്ന പ്രക്രിയ ഈ സർവകലാശാലകളിൽ തീരെ ഇല്ലാതായിട്ടുണ്ടെന്നതു പോകട്ടെ. സർവ്വകലാശാലകളിൽനിന്ന് പ്രക്ഷോഭണ ങ്ങൾ അടുത്തുള്ള നഗരങ്ങളിലേക്കു വ്യാപിച്ച് അവിടങ്ങളിലെ ജനജീവിതത്തെ താറുമാറാക്കുന്നതിന്റെ ഉദാഹരണങ്ങൾ ധാരാളമാണ്. കാമ്പസ് പ്രക്ഷോഭണങ്ങളുടെ ഫലമായി കോടിക്കണക്കിനു രൂപ വിലയുള്ള സ്വത്തുക്കൾ നഷ്ടപ്പെടുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും, പൊതുജനങ്ങൾക്കുകൂടിയും, സർവകലാശാലാ പ്രക്ഷോഭണങ്ങൾ നിമിത്തം ജീവഹാനി സംഭവിക്കുന്നതും അപൂർവമല്ല.

സർവകലാശാലകളിൽ സമാധാനം നിലനിർത്താൻ രൂപവല്കരിക്കേണ്ട സംവിധാനത്തെപ്പററി കേന്ദ്രഗവണ്മെൻറ് നിയമിച്ച നാഷനൽ പോലീസ് കമ്മീഷൻ ആലോചിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പോലീസ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടികൾ നിർദേശിക്കാനായി, വൈസ്ചാൻസലർമാരുടെ ഒരു കമ്മററി രൂപവല്കരിക്കാൻ ഇപ്പോൾ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു.

കാമ്പസ്സുകളിൽ അച്ചടക്കവും സമാധാനവും ഉറപ്പു വരുത്തുന്നതിനു വേണ്ടി പ്രത്യേകമായി 'യൂണിവേഴ്സിററി പോലീസ്സേന' നിലവിൽ വരുത്തണമെന്നതാണത്രെ പോലീസ് കമ്മീഷന്റെ മുഖ്യ ശുപാർശ. യൂണിവേഴ്സിററി പോലീസ്സേനയ്ക്കു നാഗരികപ്രതിരക്ഷയിൽ (സിവിൽ ഡിഫെൻസിൽ) ശരിയായ പരിശീലനം നൽകണം. അതിനു പുറമേ, സർവ്വകലാശാലാ കാമ്പസ്സുകളിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെപ്പററി ഈ പോലീസ്സേന അപ്പോഴപ്പോൾ വിവരം ശേഖരിക്കുകയും, ആവശ്യമായി വരുമ്പോൾ ഇത്തരം പ്രവർത്തനകേന്ദ്രങ്ങളിൽ കയറി പരിശോധന നടത്തുകയുംവേണം. സാധാരണ പോലീസുകാരുടെ സഹായം കൂടാതെതന്നെ, കാമ്പസ്സുകൾക്ക് അകത്തുള്ള പ്രക്ഷോഭണങ്ങൾ അമർത്താൻ സർവകലാശാലാധികൃതർക്കു കഴിവു കൈവരു